


# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 5 • ISSUE : 1 JANUARY 2011


## എഡിറ്റോറിയൽ

## പുതുവത്സരം

പൗലോസ് അപ്പോസ്തലൻ പറഞ്ഞ ബൈബിൾ വാക്യ മോർത്ത് നമുക്ക് പുതുവർഷത്തിലേയ്ക്കു കടക്കാം. "പിൻപിലുള്ളതു മറന്നും, മുൻപിലുള്ളതിന് ആഞ്ഞും കൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു" (ഫിലി 3:14). ഡൻമാർക്കിലെ പ്രസിദ്ധ ശിൽപിയായിരുന്ന ബേർട്ടൽ തോവാൽഡ്സനോട് താങ്കൾ നിർമ്മിച്ചിട്ടുള്ളതിലേക്കും നല്ല പ്രതിമ ഏതെന്നു ചോദിച്ചാൽ "അടുത്തത് " എന്നുത്തരം പറയുമായിരുന്നു. ദൈവത്തിനുവേണ്ടി ഏറ്റവും ശ്രേഷ്ഠമാ യത് പ്രവർത്തിക്കുവാൻ നാം തീരുമാനിച്ചാൽ അത് ഇനിയും വരാനിരിക്കുന്നതേയുള്ളൂ എന്ന ചിന്ത നമുക്കുണ്ടാകും. ഈ വർഷം നമ്മെത്തന്നെ പൂർണ്ണമായി ദൈവഹിതത്തിന് ഏൽപ്പിച്ചുകൊടുത്തുകൊണ്ട് ജീവിക്കുവാൻ ശ്രമിക്കാം. നമ്മുടെ ചെറിയ കാര്യങ്ങളിൽ പോലും ദൈവനടത്തിപ്പ് നമുക്ക് അനുഭവപ്പെടുന്നത് കാണാം.

പുതുവത്സരത്തിലേക്ക് പ്രവേശിക്കുമ്പോൾ നമ്മിൽ ഒരാൾക്കുപോലും, നാം ഒന്നുമില്ലാത്തവരും നാം ആരു മില്ലാ ത്തവരുമാണ് എന്നുള്ള ചിന്ത അശേഷം മനസ്സിലുണ്ടാ കരു ത്. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ മുഖവിലയ്ക്ക് എടുക്കു വാൻ നമുക്ക് കഴിയണം. "ആകയാൽ സകലവും നിങ്ങൾ ക്കുള്ളതല്ലോ. ജീവനോ, മരണമോ, ഇപ്പോഴുള്ളതോ, വരുവാ നുള്ളതോ സകലവും നിങ്ങൾക്കുള്ളത് " (1 കൊരി 3:21, 22) എന്ന് പൂർണ്ണമായി വിശ്വസിക്കുവാൻ നമുക്ക് സാധിക്കണം.

എബ്രഹാം ലിങ്കൺ നിത്യവും വായിച്ചിരുന്ന വേദപുസ്തകം വാഷിങ്ടണിൽ സൂക്ഷിച്ചിരുന്നതിൽ 34-ാം സങ്കീർത്തനം ഏറ്റവും മുഷിഞ്ഞിരിക്കുന്നതു കാണാം. അദ്ദേഹം ഏറ്റവും കൂടുതൽ വായിച്ചിരുന്ന അദ്ധ്യായമായിരുന്നതുകൊണ്ടാണ് ആ താളുകൾ കൂടുതൽ മുഷിഞ്ഞിട്ടുള്ളതെന്നുപറയുന്നു. "ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ, മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു (34:18)"എന്നാണ് ആ അദ്ധ്യായത്തിലുള്ളത്.

നാമെല്ലാവരും പുതുവർഷത്തിൽ നമ്മുടെ മനസ്സിനെ അടക്കി നമ്മുടെ പ്രയാസങ്ങളോർത്ത് നിഷ്ക്രിയരായിരി ക്കാതെ മറ്റുള്ളവരെ സ്നേഹിക്കുകയും, അവരുടെ ആവശ്യങ്ങ ളറിഞ്ഞ് അവരെ സഹായിക്കുകയും ചെയ്തു ശീലിച്ചാൽ പുതുവത്സരം നമുക്ക് നേട്ടമായിരിക്കുകയും, ദൈവസമാധാന ത്തിന് നാം അർഹരാകയും ചെയ്യും.

ഈ പുതുവത്സരത്തിൽ നമുക്കു താഴെപറയുന്ന ഒരു പ്രതിജ്ഞ എടുത്തുകൂടേ? കുടുംബാംഗങ്ങൾ ഉറച്ച ഓർത്ത ഡോക്സ് വിശ്വാസികളാകുവാൻ ഒരുമിച്ച് ആരാധിക്കുകയും പരസ്പരം ക്രിസ്തീയ അനുഭവങ്ങൾ പങ്കിടുകയും വേണം. കുടുംബാംഗങ്ങൾ തമ്മിൽ രക്തബന്ധവും, സാമൂഹ്യ സാമ്പ ത്തിക ബന്ധവുമുണ്ട്. അവർ ഒരുമിച്ചു വസിക്കുന്ന കുടും ബത്തിൽ, ആത്മീയബന്ധവുംകൂടിയുണ്ടെങ്കിൽ അത് സ്വർണ്ണ ത്തിന് സുഗന്ധവുംകൂടിയുള്ളതുപോലെയാകും. ദൈവം ഓരോ കുടുംബത്തോടുംകൂടെയുണ്ടെന്ന ബോധത്തോടുകൂടി ഈ പുതുവത്സരത്തെ എതിരേറ്റാൽ നമുക്ക് എന്ത് പ്രതിബ ന്ധങ്ങളുണ്ടായാലും അവയെ തരണം ചെയ്യുവാൻ സാധിക്കും. നമുക്ക് ഇടവകയോടും, സഭയോടും അതിലൂടെ ദൈവത്തോ ടുമുള്ള അടുപ്പം വീട്ടിൽ നിന്നാരംഭിച്ചുകൂടേ? ■

## പുതുവർഷത്തിന്റെ പുതുമ

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



ക്രിസ്തുമസ് കഴിഞ്ഞാൽ പുതുവർഷത്തിന്റെ വരവായി. പ്രതീകാത്മകമായിത്തന്നെ ഈ സംഭവങ്ങളുടെ ക്രമം (sequence) ശ്രദ്ധേയമാണ്. തിരുജനനത്തിരുനാൾ കഴിഞ്ഞാൽ പിന്നെ സകലതും പുതുതാകലാണ്. രണ്ടും പെരുന്നാളുകൾ തന്നെയാണ്. അജ്ഞത യുടെയും അഹംഭാവത്തിന്റെയും അശുദ്ധിയുടെയും ഹിംസയുടെയും വിദ്വേഷത്തിന്റെയും കാളിമയെല്ലാം തുടച്ചുനീക്കുന്ന തേജസ്സാണ്, ആട്ടിടയന്മാരെ ചുറ്റി മിന്നിയതുമുതൽ വെളിവാകുന്നത്. അതേ തേജസ്സ് വഴികാട്ടുന്ന നക്ഷത്രമായും വെളിപാടായും, സാന്ത്വനമായും സഹന മായും വളരുന്നതും കാണാം. യാതനയില്ലാതെ വിജയമില്ലല്ലോ. പ്രഭാതമുദിച്ചുയരുമ്പോ ഴേക്കും താരങ്ങളും താരാപഥങ്ങളുമെല്ലാം വഴിമാറിയേ തീരൂ. അതു തന്നെയാണ് പുതുവത്സരത്തിന്റെ പൊരുളും പ്രസക്തിയും.

പുതുവർഷത്തെ സംബന്ധിച്ച് പുതുമയൊന്നും പറയാനില്ല. അതിനെ പുതുതായി കയ്യേൽക്കുന്നവർക്കുള്ളതാണ് പുതുമ. വ്യക്തമായി പറഞ്ഞാൽ ദിനരാത്രങ്ങൾക്കല്ല പുതുമ, മനുഷ്യമനസ്സുകൾക്കും ജീവിതങ്ങൾക്കുമാണ്. ചൈനാക്കാർ അവരുടെ പുതുവത്സര ദിനത്തിൽ വീട്ടിനുള്ളിലെ പഴയ വസ്തുക്കളെല്ലാം വലിച്ചെറിഞ്ഞ്, പുതിയവ വാങ്ങി, എല്ലാം വീണ്ടും ആരംഭിക്കും. വാസ്തവത്തിൽ പുതുമ ബാഹ്യമായ പുതുമോടിയിൽ പരിമിതപ്പെടുത്താവുന്നതല്ല. അത് അകത്തെ മനുഷ്യൻ പുതുതാകുന്നതിന്റെ കഥയാണ്.

യേശുക്രിസ്തു ജനിച്ചത് സമസ്തലോകത്തെയും പുതുക്കാനാണ്. പരസ്പരം പോരടിച്ചുനിൽക്കുന്നവരെ അനുരഞ്ജിപ്പിക്കാനാണ്; ഉദ്ധതമാനസരെ വിനയശീലം പഠിപ്പിക്കാനാണ്. വിദ്വേഷത്തിന്റെ വിഷവിത്തുക്കൾ പിഴുതെറിഞ്ഞ് ആത്മാർത്ഥ സ്നേഹത്തിന്റെ നാമ്പുകൾ വിരിയിക്കാനാണ്. അങ്ങനെയെല്ലാം!

വെളിച്ചവും സംഗീതവും സന്ദേശവും-ഇതെല്ലാം നവവത്സരത്തിലേക്ക് മനുഷ്യരെ എത്തിക്കുന്ന രാജപാതയായി ക്രിസ്തുമസ്സ് നമുക്കു നൽകിയിരിക്കുന്നു. മനുഷ്യരെയെല്ലാം പ്രകാശിപ്പിക്കുന്ന വെളിച്ചമായി യേശു പിറന്നു. തപ്തമനസ്സുകളെ സ്വച്ഛന്ദമാക്കുന്ന തായിരുന്നു ആ സംഗീതം. അതിന്റെ ഈരടികളിൽ ഈശ്വരഭക്തിയുടെയും സന്മനസ്സി ന്റെയും പരിമളമുണ്ട്. അധർമ്മത്തിൽ നിന്നും മരണത്തിൽ നിന്നും വിമോചനം നൽകുന്ന രക്ഷകന്റെ തിരുപ്പിറവിയുടെ ദിവ്യദൂതാണ് സന്ദേശം.

ഇപ്പറഞ്ഞവയാണ് പുതുവത്സരത്തിന്റെ പശ്ചാത്താപം. കൊഴിഞ്ഞുപോയ കഴിഞ്ഞകാലത്തിൽ നിന്നും സ്ഥായി യായ പാഠങ്ങൾ ഏറ്റുവാങ്ങിക്കൊണ്ട്, ദൃഢമായ തീരുമാന ങ്ങളിലൂടെ ധീരമായി ജീവിതഗതിയെ പുനർനിർമ്മി ക്കാൻ പോരുന്നതാണ് യഥാർത്ഥ നവവത്സരാഘോഷ ങ്ങൾ. കേവലം അജ്ഞാതമായ പ്രത്യാശ മാത്രമല്ല പുത്താണ്ടിലുള്ളത്. ശുദ്ധീകരണത്തിന്റെ ആയാസവും, അലകളടങ്ങുന്ന കടൽ പോലെ ശാന്തമാകുന്ന മനസ്സു കളും, തൊഴുകൈയോടെ ജീവിതനാഥന്റെ മുമ്പിൽ പ്രണമിക്കുന്നതും പുതുമയുടെ ആത്മാവാണ്. മനസ്സി നെ വേട്ടയാടുന്ന കുറ്റവും കുറ്റബോധവും വിട്ടൊഴിഞ്ഞ് ഈശ്വരന്റെ തേജസ്സുകൊണ്ടു നിറയുന്ന മനസ്സുകൾ മാത്രമേ പുതുതാകുകയുള്ളൂ. അവിടെ ദൈവസ്നേഹവും മനുഷ്യസ്നേഹവും പൂത്തുലഞ്ഞു നിൽക്കും.

**അത്തരമൊരു ശാന്തിയുടെ ആരാമമായി പുതുവത്സരം നമ്മെ വരവേൽക്കട്ടെ !**



## വികാരിയുടെ കത്ത്



# മരണാനന്തരാവസ്ഥ

**ഫാ. ഒ. വി. ഏലിയാസ്**

ദൈവകല്പന പ്രകാരം ആത്മാവ് ശരീരത്തിൽ നിന്ന് വേർപെടുന്ന അവസ്ഥയ്ക്ക് മരണം എന്നുപറയുന്നു. മരണം വഴി ആത്മാവ് അതിനായി ദൈവം നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തേക്ക് അഥവാ സ്ഥിതിയിലേക്ക് ആനയിക്കപ്പെടുന്നു. പൂർണ്ണ വെളിപാടില്ലാത്ത മതങ്ങളിൽ മരണത്തോടുകൂടി സർവ്വവും അവസാനിക്കുന്നു എന്ന തെറ്റായ ഒരു ധാരണയുണ്ട്. യഹൂദന്മാർ, പുരാതന ഈജിപ്റ്റുകാർ, ഹിന്ദുക്കൾ, ബുദ്ധമതക്കാർ, കൺഫ്യൂഷ്യസ് മതക്കാർ ഇവർ എല്ലാംതന്നെ പല വ്യത്യാസങ്ങളോടു കൂടി ആണെങ്കിൽ പോലും മരണാനന്തരം ആത്മാവ് ജീവിക്കുന്നു എന്ന തത്വം അംഗീകരിക്കുന്നവരാണ്. എന്നാൽ ആത്മാവും ശരീരവും തമ്മിലുള്ള അന്ത്യത്തിലെ സമ്മേളനം രണ്ടും ഒരുമിച്ചുള്ള രക്ഷാശിക്ഷാ സ്വീകരണം ഇവയിൽ എല്ലാവരും തെറ്റിപ്പോയിരിക്കുന്നു.

മരണാനന്തരം ആത്മാക്കൾ ഉറക്കത്തിൽ മാത്രമാണെന്നും സജീവമായി സ്ഥിതിചെയ്യുന്നു എന്നുമുള്ള ചിന്ത പഴയ നിയമഭാഗങ്ങളിൽ കാണാം. ശമുവേലിന്റെ ആത്മാവിനെ വെളിച്ചപ്പാടത്തിമൂലം വരുത്തി ശൗൽ രാജാവ് വിജയ സാദ്ധ്യത ആരായുന്നു. അപ്പോൾ ശമുവേൽ പറയുന്നത് നീ എന്നെ വിളിച്ചതിനാൽ എന്റെ സ്വസ്ഥതയ്ക്ക് ഭംഗം വരുത്തി എന്നാണ് (1 ശമു: 28:15). എങ്കിലും ശൗലിന് വരാനുള്ള ദുരന്തത്തെ ശമുവേലിന്റെ ആത്മാവ് വെളിപ്പെടുത്തി കൊടുക്കുന്നു. മരണാനന്തരാവസ്ഥയെക്കുറിച്ചും പുനരുദ്ധാനത്തെക്കുറിച്ചുമുള്ള വ്യക്തമായ പ്രത്യാശ പിൽക്കാലത്ത് യഹൂദമതത്തിൽ വളർന്നു വന്നു. പുതിയ നിയമത്തിലേക്ക് കടക്കുമ്പോൾ വ്യക്തമായ സൂചനകൾ കാണാൻ കഴിയും. കർത്താവ് വ്യക്തമാക്കുന്നത് ശ്രദ്ധിക്കുക. മരിച്ചവരുടെ പുനരുദ്ധാനത്തെക്കുറിച്ച് ദൈവം അരുളിച്ചെയ്തിരിക്കുന്നത് നിങ്ങൾ വായിച്ചിട്ടില്ലയോ. ഞാൻ അബ്രാഹാമിന്റെ ദൈവവും യിസ്സഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവും ആകുന്നു എന്ന് അവൻ അരുളിച്ചെയ്യുന്നു. എന്നാൽ അവൻ മരിച്ചവരുടെ ദൈവമല്ല ജീവനുള്ളവരുടെ ദൈവമത്രേ (മത്തായി 22.31-32). മറുരൂപമലയിൽ മോശയും ഏലിയാവും കർത്താവിന് യെരുശലേമിൽ സംഭവിപ്പാനുള്ള നിര്യാണത്തെക്കുറിച്ച് സംഭാഷിക്കുന്നു (മത്താ. 17:3) . മരണാനന്തരം ആത്മാക്കൾ സജീവരാണെന്ന് സ്പഷ്ടമാക്കുന്ന ഭാഗമാണല്ലോ ഇത്. ലൂക്കോസ് 16-ാം അദ്ധ്യായത്തിൽ വിവരിക്കുന്ന ധനവാന്റെയും ലാസറിന്റെയും ഉപമയിൽ നിന്നും ഈ കാര്യം കൂടുതൽ സ്പഷ്ടമായി മനസ്സിലാക്കാം. മരണസമയത്ത് അനുതപിച്ച കള്ളന് കർത്താവ് നൽകിയ വാഗ്ദാനം നീ ഇന്ന് (മരണാനന്തരം) എന്നോടുകൂടി പറുദീസയിൽ ഇരിക്കുമെന്നാണ് (ലൂക്കോ: 23: 43). വീണ്ടും പൗലൂസ് ശ്ലീഹായുടെ വാക്കുകൾ ശ്രദ്ധിക്കാം - വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്ക് കാംക്ഷയുണ്ട്. അത് അത്യുത്തമമല്ലോ (ഫിലി. 1:23). ശരീരം വിട്ടുപോയാൽ (മരണാനന്തരം) ക്രിസ്തുവിനോടു കൂടിയാകുന്നു എന്ന് സ്പഷ്ടമാകുന്നു. മരണാനന്തരവും ക്രിസ്തുവിനെ പ്രസാദിപ്പിക്കാനാവും (2 കൊരി 5:9). 1 തെസ്സ 4:13-ൽ നിദ്രകൊള്ളുന്നവരെക്കുറിച്ച് നാം അറിവില്ലാത്തവരായിരിക്കരുത് എന്ന് പൗലൂസ് ആഗ്രഹിക്കുന്നു. നിദ്രകൊള്ളുന്നവർ എന്ന പ്രയോഗം അർത്ഥവത്താണ്. നിദ്ര എന്നത് സമ്പൂർണ്ണമായ മൗനമോ നിർജ്ജീവത്വമോ അല്ല. സജീവമായ അവസ്ഥ തന്നെയാണ്. പത്രോസിന്റെ ഒന്നാം ലേഖനത്തിൽ ക്രിസ്തു മരിച്ചവരോട് സുവിശേഷം അറിയിച്ചു എന്നും (1 പത്രോ 3:19) പറയുന്നു. ഇതിൽ നിന്നും മരണാനന്തരം ആത്മാക്കൾ സുവിശേഷം കേൾക്കുവാനും അതിനോട് പ്രതികരിക്കുവാനും കഴിയുന്ന അവസ്ഥയിലാണെന്നും വ്യക്തമാണ്. ലാസർ മരിച്ചടക്കപ്പെട്ട് നാല് ദിവസങ്ങൾക്കുശേഷം കല്ലറവാതിൽക്കൽ നിന്ന് കർത്താവ് ലാസറിനെ വിളിക്കുന്നു. വിളികേട്ട് ലാസർ കല്ലറയ്ക്ക് വെളിയിൽ വരുന്നു. മരിച്ച ലാസറിന്റെ ആത്മാവ് വിളികേൾപ്പാനും അതിനനുസരണമായി പ്രവർത്തിപ്പാനും പ്രാപ്തിയുള്ളതായി നാം കാണുന്നു. ചില സഭാ പിതാക്കന്മാർ മനുഷ്യജീവിതത്തിന്റെ മൂന്നു ഘട്ടങ്ങളെ ഒരു ചിത്രശലഭത്തിന്റെ അവസ്ഥകളോട് താരതമ്യപ്പെടുത്തിയിട്ടുണ്ട്. ആദ്യാവസ്ഥ പുഴുവിന്റേത്. മനുഷ്യന്റെ ഇഹലോക ജീവിതം അതിനോട് യോജിക്കും. രണ്ടാംഘട്ടമായ പ്യൂപ്പായുടെ അവസ്ഥ മരണാനന്തരാവസ്ഥയ്ക്ക് തുല്യമാണ്. ചിത്രശലഭമായി മാറുന്നത് പുനരുത്ഥാനശേഷമുള്ള മഹത്വീകരണത്തേയും സൂചിപ്പിക്കുന്നു.

കർത്താവ് അരുളിച്ചെയ്തത് വീണ്ടും ശ്രദ്ധിക്കാം. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു (യോഹ. 11:26, 6:54, 56). മേൽപ്പറഞ്ഞ വാക്യങ്ങളിൽ നിന്ന് വിശ്വാസി മരിച്ചാലും ജീവിക്കുന്നു എന്നും വിശ്വാസിയിൽ കർത്താവ് വസിക്കുന്നു എന്നും ദൈവം മരിച്ചവരുടെ ദൈവമല്ല എന്നും വ്യക്തമാകുന്നു. അങ്ങനെവരുമ്പോൾ കർത്താവ് വിശ്വാസിയിൽ നിത്യമായി വസിക്കണമെങ്കിൽ മരിച്ചതിന്റെ ശേഷവും ആത്മാവ് സജീവമായി ഇരുന്നേ മതിയാകൂ എന്ന് വരുമല്ലോ.

എന്നാൽ നവീകരണ സഭക്കാർ ആത്മാക്കൾ ജീവനോടിരിക്കുന്നുണ്ടെങ്കിലും ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്ന തരത്തിൽ ആത്മാക്കൾ നിർജ്ജീവമായി നിർബോധമായി സ്ഥിതിചെയ്യുകയാണെന്നും തന്മൂലം പരേതർക്കു വേണ്ടി പ്രാർത്ഥിക്കുന്നതും വിശുദ്ധന്മാരുടെ മദ്ധ്യസ്ഥത യാചിക്കുന്നതും നിരർത്ഥകമാണെന്നും വാദിക്കുന്നു. അവർ തങ്ങളുടെ വാദത്തിന് ആധാരമാക്കുന്നത് സങ്കീ 115:17 ന്റെ ആദ്യഭാഗമാണ്. മരിച്ചവരും മൗനതയാൽ ഇരിക്കുന്നവരും യഹോവയെ സ്തുതിക്കുന്നില്ല. എന്നാൽ ഇതേ വാക്യത്തിന്റെ അടുത്ത ഭാഗം നോക്കാം. എന്നാൽ നാമോ ഇന്നുമുതൽ എന്നേക്കും യഹോവയെ വാഴ്ത്തും. എന്നേക്കും വാഴ്ത്തും എന്നു പറഞ്ഞാൽ അന്ത്യംകുറിക്കാനാകാത്ത നിലയ്ക്കാതെ തുടരുന്ന ഒരനുഭവമാണ്. സങ്കീർത്തനക്കാരനും അതേറ്റുപറയുന്നവരുമായവർ മരിച്ചു. അവരുടെ പ്രത്യാശയാണ് ആ വാക്യത്തിലൂടെ വെളിപ്പെടുന്നതും നിത്യമായി പൂർത്തീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്നതും. മരണാന്തരവും നിരന്തരം ദൈവത്തെ സ്തുതിക്കുന്ന അനുഭവം എത്രയോ അനുഗ്രഹവും അർത്ഥസമ്പുഷ്ടവുമാണെന്നറിയുക. ഇതാണ് വിശ്വാസിയുടെ അവസ്ഥ. എങ്കിൽ പിന്നെ മരിച്ചവർ യഹോവയെ സ്തുതിക്കുന്നില്ല എന്നു പറയുന്നതിന്റെ അർത്ഥം എന്താണെന്നുകൂടെ പരിശോധിക്കാം. ആരാണീ മരിച്ചവർ. എന്താണീ മരണം. താഴെപ്പറയുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു. (എഫെ 2:1) അതിക്രമങ്ങളിലും നിങ്ങളുടെ ജഢത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ അവനോടു കൂടെ ജീവിപ്പിച്ചു. (കൊലൊ 2: 13) കർത്താവ് പറയുന്നു. മരിച്ചവർ നിങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ. പാപം മൂലം ദൈവത്തിൽ നിന്നും തീർത്തും അന്യമായി പോകുന്ന അവസ്ഥയാണീ മരണം എന്നറിയുക. പാപംമൂലം ദൈവത്തിൽ നിന്നും നിത്യമായ ഒരു വേർപെടൽ വിശ്വാസിക്കുണ്ടാകാതിരിക്കാൻ ഏറെ ശ്രദ്ധ ആവശ്യമാണ്.

മരണം മുതൽ ഉയിർപ്പുവരെയുള്ള അവസ്ഥയെ നഷ്ടപ്പെട്ട ഒരു വിത്തിനോട് സാമ്യപ്പെടുത്തിയാണ് പൗലൂസ് ശ്ലീഹാ പറയുന്നത് (2 കൊരി 15:36). ജീവനുള്ള ഒന്നിനും ചൈതന്യരഹിതമായി ഒന്നിന് മറ്റൊന്നിനോട് സംസർഗ്ഗം ചെയ്യാതിരിപ്പാൻ സാദ്ധ്യമല്ല. ജീവനുള്ള ഒന്നിനും ചൈതന്യരഹിതമായി എന്നും ഒരേ അവസ്ഥയിലും സ്ഥിതിയിലും ഇരിപ്പാനും സാദ്ധ്യമല്ല. ഒന്നുകിൽ അഭിവൃദ്ധിപ്പെട്ട് വളരണം. അല്ലെങ്കിൽ നശിക്കണം. എന്നാൽ മരിച്ചവർ ജീവനോടിരിക്കുന്നു എന്ന് സമ്മതിക്കുന്ന സ്ഥിതിക്ക് അവർക്ക് വളരുവാൻ മാർഗ്ഗമുണ്ടെന്ന് സ്പഷ്ടം. അതിനുള്ള മാർഗ്ഗം എന്താണെന്ന് പരിശോധിക്കുമ്പോൾ പരേതർക്കു വേണ്ടിയുള്ള പ്രാർത്ഥനയുടെ അർത്ഥം മനസ്സിലാകും. വിശ്വാസികളായി മരിച്ചുപോയവരോട് കരുണ ചെയ്യണമേ എന്ന് പ്രാർത്ഥിപ്പാനാണ് സഭ പഠിപ്പിക്കുന്നത്. രൂത്തിന്റെ പുസ്തകം 2:20-ൽ യഹോവ മരിച്ചവരോടും ജീവനുള്ളവരോടും കരുണ ചെയ്യുന്നവനാണ് എന്നു വായിക്കുന്നു. നമ്മുടെ പ്രാർത്ഥനകൊണ്ട് ദൈവകരുണയ്ക്ക് അർഹരാകുന്നവരാണ് താഴെ പറയുന്നവർ (1) സത്യ വിശ്വാസികളായിരുന്ന് നിദ്ര പ്രാപിച്ചവർ (2) ദൈവകൃപയ്ക്ക് യോഗ്യരായിരുന്നവർ (3) മരണത്തിനല്ലാത്ത പാപങ്ങൾ ചെയ്തുപോയിട്ടുണ്ടെങ്കിലും മശിഹായിലുള്ള സ്ഥിരമായ വിശ്വാസത്തോടെ കൃപയ്ക്കർഹരായിരുന്നവർ. ജീവിച്ചിരിക്കുമ്പോഴും മരിച്ചുകഴിഞ്ഞും മറ്റുള്ളവർ എനിക്കുവേണ്ടി പ്രാർത്ഥിക്കുമല്ലോ എന്നു കരുതി ജഢമയന്മാരായി ജീവിച്ചിരുന്ന് മരിച്ചവർക്കും മശിഹായിലുള്ള വിശ്വാസം ഇല്ലാതെ കടന്നുപോയവർക്കും ദൈവകൃപയ്ക്ക് അയോഗ്യരായി ജീവിച്ചിരുന്നവർക്കും വേണ്ടി പ്രാർത്ഥിക്കണമെന്ന് സഭ പഠിപ്പിക്കുന്നില്ല. എന്നാൽ ഇവർക്കു വേണ്ടിയുള്ള നമ്മുടെ ദാനധർമ്മങ്ങളും മറ്റും അവരെ സംബന്ധിച്ചിടത്തോളം പ്രയോജനരഹിതമാണെങ്കിലും ഇപ്രകാരമുള്ള നല്ല പ്രവർത്തികൾ നല്ല ഉദ്ദേശത്തോടെ നാം ചെയ്യുന്നതായാൽ നമുക്ക് അവ ഫലമുളവാക്കുന്നതാണ്. അതിനും പുറമേ മരിക്കുന്നവന്റെ അവസാനം ഏതുരീതിയിൽ ആയിരുന്നു എന്ന് നമുക്ക് അറിവില്ലാത്തതിനാൽ നമ്മുടെ കടമ നിർവ്വഹിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്.

മരണാനന്തരവും ആത്മാക്കൾ ജീവനോടിരിക്കുന്നു എന്നും അവർക്ക് വളരുവാൻ സാദ്ധ്യതയുണ്ടെന്നും പരേതാത്മാക്കളുടെ മേൽ ദൈവം കരുണ ചെയ്യുമെന്നും തെളിവായിരിക്കേ, പരേതാത്മാക്കൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ബലി അർപ്പിക്കുകയും ചെയ്യുന്നതിന് തിരുവചനം തെളിവായിരിക്കെ, അവരെ ഓർത്ത് പ്രാർത്ഥിക്കണമെന്ന് വചനം അനുശാസിക്കേ അവരെ ഓർത്ത് പ്രാർത്ഥിക്കേണ്ട എന്നതിന് യാതൊരു തെളിവുകളും ഇല്ലാതിരിക്കേ, വേദപുസ്തകവും സഭാ പാരമ്പര്യങ്ങളും പിതാക്കന്മാരുടെ എഴുത്തുകളും അങ്ങനെ ചെയ്യേണ്ടതാകുന്നു എന്ന് നമ്മെ ഓർമ്മിപ്പിക്കുമ്പോൾ വിശ്വാസികളായ നമ്മുടെ മരിച്ചുപോയവരെ ഓർത്ത് പ്രാർത്ഥിക്കേണ്ടത് നമ്മുടെ കടമയാണെന്നും അങ്ങനെ ചെയ്യാതിരിക്കുന്നത് തികച്ചും കുറ്റകരമാണെന്നും ഗ്രഹിക്കുക. കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന വേദഭാഗങ്ങൾ കൂടി പരിശോധിക്കുക. വെളി 14:13, റോമ 14:89, 2 ശമു 1:12, ദാനി 14:27, പുറ 28:29, 1 തിമോ 5:4, യോഹ 5: 25. ■

**MGOCSM** — **ANNUAL CONFERENCE**

MGOCSM-ന്റെ 2010-ലെ വാർഷിക സമ്മേളനം, കടയിരുപ്പ് സെന്റ് പീറ്റേഴ്സ് ഹയർസെക്കൻഡറി സ്കൂളിൽ ഡിസംബർ-28 മുതൽ 31 വരെ നടന്നു. കത്തീഡ്രൽ യൂണിറ്റിൽ നിന്ന് 13 അംഗങ്ങൾ പങ്കെടുത്തു. ഇടവകയിലെ വൈദികരും, മുതിർന്ന സ്നേഹിതരും കോൺഫ്രൻസിൽ വിവിധ സമയങ്ങളിൽ സംബന്ധിച്ചു. 29ന് നടന്ന MGOCSM Talent Night-ൽ നമ്മുടെ ഇടവകാംഗം കുമാരി ജെസ്സിയുടെ ഗാനാലാപം പരിപാടിയിലെ മുഖ്യ ആകർഷണമായിരുന്നു.

# നോഹയുമായി ഉടമ്പടി : അടയാളം-മഴവില്ല്

**പി. റ്റി. ജോൺ**

അവിടുത്തേയ്ക്ക് സ്നേഹമുള്ളവരുമായി യഹോവ നിരവധി ഉടമ്പടികൾ ഉണ്ടാക്കിയിട്ടുണ്ട്. വി. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളവയിൽ ഏറ്റവും ആദ്യത്തേത് നോഹയുമായുള്ളതാണ്.

ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വർദ്ധിക്കുകയും അവന്റെ പ്രവൃത്തിയും ചിന്തയും ദുഷിക്കുകയും വഷളാകുകയും ചെയ്തപ്പോൾ അവനെ സൃഷ്ടിച്ചതിൽ ദൈവം മനം നൊന്തു പശ്ചാത്തപിക്കുകയും അവനെയും സകല ജീവജാലങ്ങളെയും വെള്ളപ്പൊക്കംമൂലം ഭൂമുഖത്തുനിന്ന് തുടച്ചുമാറ്റുവാൻ നിശ്ചയിക്കുകയും ചെയ്തു.

എന്നാൽ നീതിമാനായ നോഹ മാത്രം കർത്താവിന്റെ പ്രീതിക്ക് പാത്രമായി. ജലപ്രളയമുണ്ടാകുമ്പോൾ രക്ഷപ്പെടുവാൻ ഗോഫെർ മരം കൊണ്ട് ഒരു പെട്ടകം ഉണ്ടാക്കുവാൻ അവിടുന്നു നോഹയോടു കൽപ്പിച്ചു. പെട്ടകത്തിന്റെ രൂപഘടനയും, നിർമ്മാണശൈലിയും, അതു പൂർത്തിയാകുമ്പോൾ അതിൽ ആരെയൊക്കെ, എന്തിനെ യൊക്കെ കയറ്റണമെന്നും ദൈവം വളരെ വിശദമായി വിവരിച്ചു കൊടുത്തു. നോഹ, യഹോവയുടെ കൽപന അക്ഷരംപ്രതി അനു സരിച്ച് പെട്ടകം പൂർത്തിയാക്കി. തന്റെ കുടുബത്തെയും ദൈവം നിർദ്ദേശിച്ച പ്രകാരമുള്ള പക്ഷിമൃഗാദികളെയും ഇഴജന്തുക്കളെയും അതിനുള്ളിൽ കയറ്റി. അതിനുശേഷം നാൽപ്പതു പകലും നാൽപ്പതു രാവും വളരെ ശക്തിയായി, ഇടമുറിയാതെ മഴ പെയ്തു. ജലനിരപ്പു യർന്ന് സകല പർവ്വതങ്ങളും വെള്ളത്തിൻകീഴിലായി. പെട്ടകം വെള്ള ത്തിൽ ഒഴുകിനടന്നു. പ്രളയം നൂറ്റിയൻപതു ദിവസം നീണ്ടുനിന്നു. നോഹയുടെ പെട്ടകത്തിലുണ്ടായിരുന്നവ ഒഴിച്ച് മറ്റു സർവ്വ ജീവി കളും നശിച്ചു. പിന്നെ മഴ നിലച്ചു. ജലം പിൻവാങ്ങിത്തുടങ്ങി. ഏഴാം മാസം പതിനേഴാം തീയതി പെട്ടകം അറാറത്തു പർവ്വതത്തിൽ ഉറച്ചു.

പെട്ടകത്തിൽ നിന്ന് പുറത്തുവന്ന നോഹ ദൈവത്തിന് ഒരു ഹോമബലി അർപ്പിച്ചു. അതിന്റെ ഹൃദ്യമായ ഗന്ധം ആസ്വദിച്ചപ്പോൾ യഹോവ പ്രസാദിച്ച് മനുഷ്യൻ കാരണം ഇനിയൊരിക്കലും ഭൂമിയെ ശപിക്കുകയില്ലെന്നും, ഭൂമിയുള്ളിടത്തോളം കാലം വിതയും കൊയ്ത്തും ചൂടും തണുപ്പും വേനലും വർഷവും രാവും പകലും നിലയ്ക്കുകയില്ലെന്നും അരുളിച്ചെയ്തു. നോഹയെയും പുത്രന്മാരെയും അനുഗ്രഹിച്ചുകൊണ്ട് സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവിൻ എന്നുപറഞ്ഞ് അവർക്കും ശേഷിച്ച സർവ്വ ജീവജാലങ്ങൾക്കു വേണ്ടിയും ഒരു ഉടമ്പടി ഉറപ്പിച്ചു.

അതിൻ പ്രകാരം ഭൂമിയെ ഇതുപോലെ നശിപ്പിക്കുവാൻ ഇനിയൊരിക്കലും ഒരു വെള്ളപ്പൊക്കമുണ്ടാകുകയില്ല. ഭൂമിയുമായുള്ള ഈ ഉടമ്പടിയുടെ അടയാളമായി യഹോവ മേഘങ്ങളിൽ തന്റെ വില്ലു സ്ഥാപിച്ച് പറഞ്ഞു. "ഞാൻ ഭൂമിക്കു മേലെ ഇനിയും മേഘത്തെ അയയ്ക്കുമ്പോൾ അതിൽ മഴവില്ലു പ്രത്യക്ഷപ്പെടും നിങ്ങളും സർവ്വ ജീവജാലങ്ങളുമായുള്ള എന്റെ ഉടമ്പടി ഞാനോർക്കും". അങ്ങനെ മഴവില്ല് ഭൂമിയുടെ ഒരു രക്ഷകനായിത്തീർന്നു.

അനശ്വരനായ ഇംഗ്ലീഷ് കവി വേഡ്സ്വർത്ത് മഴവില്ലിനെക്കുറിച്ച് ഏതാണ്ടിപ്രകാരം പാടി.

"ആകാശത്തു മഴവില്ലു തെളിയുമ്പോൾ
എന്റെ ഹൃദയം കുതിച്ചുയരുന്നു
ബാല്യകാലത്ത് അത് അപ്രകാരമായിരുന്നു
ഇപ്പോൾ പ്രായമായിട്ടും അതങ്ങനെതന്നെ"

## കുടുംബ വിശേഷങ്ങൾ

# കരോൾ ഗാനസന്ധ്യ

തിരുപ്പിറവിയുടെ സ്മരണകൾ ഉണർത്തിയും, സന്ദേശമറിയിച്ചും ഒരു ക്രിസ്മസ് ഗാനസന്ധ്യകൂടി കഴിഞ്ഞുപോയി. 23 ന് വൈകുന്നേരം കത്തീഡ്രൽ അങ്കണത്തിൽവച്ച് നടത്തപ്പെട്ട പ്രസ്തുത പരിപാടി അനുഗ്രഹകരവും, ആഹ്ലാദപൂർണ്ണവുമായിരുന്നു. കത്തീഡ്രൽ ഗായകസംഘവും, ക്രിസ്മസിനുവേണ്ടി പ്രത്യേകം ക്രമീകരിച്ച ജൂനിയർ ക്വയറും ഗാനസന്ധ്യയ്ക്ക് നേതൃത്വം നൽകി. വെരി. റവ. ഫോമസ് പോൾ റമ്പാൻ ക്രിസ്തുമസ് സന്ദേശം നൽകി. ഇടവകാംഗവും, ന്യൂസിലാന്റിലെ പോപ് സിങ്ങറുമായ കുമാരി ജെസ്സിയുടെ ഗാനാലാപം പരിപാടിയിലെ മുഖ്യ ആകർഷണമായിരുന്നു. കത്തീഡ്രലിലെ MGOCSM സണ്ടേസ്കൂൾ പ്രസ്ഥാനങ്ങളുടെ വിവിധ പരിപാടികളും ക്രിസ്തുമസ് സന്ധ്യയ്ക്ക് കൊഴുപ്പേകി.








# പരിശുദ്ധ ബാവായ്ക്ക് സ്വീകരണം




മലങ്കര സഭയുടെ പുതിയ ഇടയന് കത്തീഡ്രലിൽ ഊഷ്മളമായ സ്വീകരണം. ഡിസംബർ 4ന് കത്തീഡ്രലിൽ എഴുന്നള്ളിയ പ. ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ ബാവായ്ക്ക് ഇടവക സ്നേഹോഷ്മളമായ വരവേൽപ് നൽകി. സന്ധ്യാനമസ്കാരത്തിന് ശേഷം ചേർന്ന അനുമോദന യോഗത്തിൽ ഇടവക മെത്രാപ്പോലീത്ത ഡോ. യാക്കൂബ് മാർ ഐറേനിയോസ് അദ്ധ്യക്ഷനായിരുന്നു. ജസ്റ്റിസ് സുരേന്ദ്രമോഹൻ ഉദ്ഘാടനം നിർവ്വഹിച്ച സമ്മേളനത്തിൽ എറണാകുളം അങ്കമാലി രൂപത സഹായമെത്രാൻ ഡോ. തോമസ് ചക്യാത്ത് മുഖ്യ പ്രഭാഷണം നടത്തി. അങ്കമായി ഭദ്രാസന മെത്രാപ്പോലീത്ത യൂഹാനോൻ മാർ പോളിക്കാർപ്പസ്, കൊച്ചി മേയർ ടോണി ചമ്മണി, ഡെ. മേയർ ഭദ്രാ സതീഷ് എന്നിവർ പ്രസംഗിച്ചു. കത്തീഡ്രൽ ഇടവകയുടെ സഹ വികാരിയായിരുന്ന ദിവംഗതനായ ജോസഫ് വെങ്ങറപ്പിള്ളിയുടെ സ്മരണാർത്ഥം വടവുകോട് ഓർത്തഡോക്സ് ക്രിസ്ത്യൻ സെന്റർ പ്രസിദ്ധീകരിച്ച വെള്ളിക്കോൽ എന്ന പുസ്തകം പ. ബാവാ പ്രകാശനം ചെയ്തു. ഇടവകയിലെ ആത്മീക സംഘടനകളും, എറണാകുളത്തെ ഓർത്തഡോക്സ് വ്യാപാരി സംഘടനകളും പ. ബാവായെ ഹാരമണിയിച്ച് സ്വീകരിച്ചു. കത്തീഡ്രൽ ഇടവക നടത്തിയ സ്വീകരണ സമ്മേളനത്തിൽ ഇടവകയിലെ മുൻ വൈദികരും സമീപ ഇടവകകളിലെ വൈദികരും വിശ്വാസികളും ആദിയോടന്തം പങ്കുകൊണ്ടു.



10-12-2010-ൽ ഡർബാർ ഹാൾ ഗ്രൗണ്ടിൽ നടന്ന "എക്യുമെനിക്കൽ ഗാനസന്ധ്യ"യിലും 23-12-2010-ൽ കത്തീഡ്രലിൽ നടന്ന "കരോൾ ഗാനസന്ധ്യ"യിലും ഗാനങ്ങളാലപിച്ച കത്തീഡ്രൽ ഗായകസംഘം.

## അഭിനന്ദനങ്ങൾ



ഹിന്ദി സാഹിത്യത്തിൽ എം.ജി. യൂണിവേഴ്സിറ്റി യിൽ നിന്ന് ഡോക്ടറേറ്റ് നേടിയ സനുതോമസ്. എറണാകുളം വൈറ്റില S.J. ഗോർ റോഡിൽ ശാന്തിഭവനിൽ ഏ. എം. മത്തായിയുടെയും മോളി മത്തായിയുടെയും മകൻ ബിജു മത്തായിയുടെ ഭാര്യയാണ്.



ശ്രീ. ചാക്കോ ഫിലിപ്പിന്റെയും മറിയാമ്മ ചാക്കോയുടെയും മകൻ സിറിൽ ഫിലിപ്പ് ചാക്കോ ദേശീയ ബാലതരംഗം സംഘടിപ്പിച്ച ശലഭമേള 2010 കതിർ തരംഗത്തിലെ ശലഭരാജയായി തിരഞ്ഞെടുക്കപ്പെട്ടു. നമ്മുടെ ഇടവകാംഗവും, ചർച്ച് സണ്ടേ സ്കൂൾ വിദ്യാർത്ഥിയുമാണ്.

## മാമോദീസ

1) വൈറ്റില തൈക്കൂടം ശ്രീ. T.M. വർഗ്ഗീസിന്റെ മകൾ മറിയം വർഗ്ഗീസിന്റെയും അജിത് തോമസിന്റെയും മകൾ സാറ 26-12-2010 ൽ മാമോദീസ സ്വീകരിച്ചു.
2) പാലാരിവട്ടം തെക്കേക്കര ശ്രീ. ജോർജ്ജ് തോമസ്സിന്റെയും ശ്രീമതി സൂസൻ ഏബ്രഹാമിന്റെയും മകൾ ഏബ്രഹാം ജോർജ്ജ് 26-12-2010 ൽ മാമോദീസ സ്വീകരിച്ചു.
3) വടുതല, ടോൾ ഗേറ്റ് റോഡിൽ KITSCH Villa- യിൽ ശ്രീ. സഞ്ജിത്തിന്റെയും, ശ്രീമതി ഡിംപിളിന്റെയും മകൾ സൂസൻ 26-12-2010 ൽ മാമോദീസ സ്വീകരിച്ചു.
4) എറണാകുളം ഓൾഡ് റെയിൽവേ സ്റ്റേഷൻ റോഡിൽ ശ്രീമതി സബീന ഏബ്രഹാമിന്റെ മകൾ റിയ ഏബ്രഹാമിന്റെയും മാത്യൂ ജേക്കബിന്റെയും മകൻ ജേക്കബ് 27-12-2010 ൽ മാമോദീസ സ്വീകരിച്ചു.
5) തേവര ഫെറി റോഡിൽ വെല്ലിംഗ്ടൺ എൻക്ലേവിൽ മഞ്ഞളൂർ ശ്രീ ജോർജ്ജ് മാത്യുവിന്റെയും സുചി സ്മിതയുടെയും മകൾ മാത്യു 28-12-2010-ൽ മാമോദീസ സ്വീകരിച്ചു.
6) പെരുമാനൂർ പടിഞ്ഞാറേ തലയ്ക്കൽ ശ്രീമതി ശോഭാ തോമസിന്റെ മകൻ വിവേക് തോമസിന്റെയും മേരി ജോണി ന്റെയും മകൻ തോമസ് 29-12-2010ൽ മാമോദീസ സ്വീകരിച്ചു.
7) എറണാകുളം മനിക്കിരി ക്രോസ് റോഡ് താശിയിൽ ശ്രീ മാത്യു അലക്സാണ്ടറിന്റെയും ആനി വർഗ്ഗീസിന്റെയും മക്കൾ അലക്സാണ്ടർ മാത്യുവും വർഗീസ് മാത്യുവും 11-12-2010 ൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു!*

## വിശേഷദിവസങ്ങൾ

**ജനുവരി**

6 വ്യാഴം : ദനഹാ പെരുന്നാൾ (കർത്താവിന്റെ മാമോദീസ) കത്തീഡ്രലിൽ 6.30 ന് ദനഹാ ശുശ്രൂഷ-വി.കുർബാന
7 വെള്ളി : മാർ യൂഹാനോൻ മംദാനായുടെ പുകഴ്ചയും, ശിരഛേദവും.
8 ശനി : മാർ സ്തേഫാനോസ് സഹദായുടെ ഓർമ്മ.
15 ശനി : വിത്തുകൾക്കുവേണ്ടി വി. ദൈവമാതാവിന്റെ ഓർമ്മ.
16 ഞായർ : ഇടവക പെരുന്നാൾ കത്തീഡ്രലിൽ 7.30ന് ആരംഭിക്കുന്ന ഒരു വി. കുർബാന മാത്രം.

**ഫെബ്രുവരി**

2 ബുധൻ : മായാൽത്തോ (കർത്താവിന്റെ ദേവാലയ പ്രവേശനം) പത്രോസ് മാർ ഒസ്ത്താത്തിയോസ് തിരുമേനിയുടെ ഓർമ്മ (കണ്ടനാട്, കർമ്മേൽ ദയറാ).

## നിര്യാതരായി



എറണാകുളം രവിപുരം ആലപ്പാട്ട് ക്രോസ് റോഡിൽ ചാലപ്പുറത്ത് ശ്രീ. സി.എം. കുറിയാക്കോസ് (81) 10-12-2010ൽ നിര്യാതനായി. 11-12-2010 ൽ എളംകുളം സെമിത്തേരിയിൽ അടക്കംചെയ്തു.



എറണാകുളം ബാനർജി റോഡ് അമൂല്യ സ്ട്രീറ്റിൽ അയ്യൻകുളങ്ങര ശ്രീമതി കുഞ്ഞമ്മ കൊച്ചു (80) 30-12-2010 ൽ നിര്യാതയായി. 31-12-2010 ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

Editorial Board: P.T. John, K.K. George (94470 40484),Mammen Abraham & Suma Mathew. Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490,**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***